**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 689** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചുവെന്ന് വിശദമാക്കുമോ; അതിലൂടെ അധികവരുമാനമായി ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് 2016 മെയ് മാസം മുതൽ നാളിതുവരെ അഞ്ച് തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചിട്ടുണ്ട്. 2017, 2019, 2022, 2023,2024 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017- ൽ 4.77%, 2019- ൽ 7.32%, 2022-ൽ 6.59%, 2023-ൽ 3.2 %, 2024- ൽ 2.39 %, എന്നിങ്ങനെയായിരുന്നു വർദ്ധനവ്.<br><br>2017-2018-ൽ 550 കോടി രൂപയുടെയും, 2019-2020-ൽ 902.90 കോടി രൂപയുടെയും, 2022-2023-ൽ 760 കോടി രൂപയുടെയും 2023-2024-ൽ 532.50 കോടി രൂപയുടെയും അധിക വരുമാനം താരിഫ് പരിഷ്കരണത്തിലൂടെ വാർഷികാടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കുമെന്ന് കണക്കാക്കിയിരുന്നു. 2024-25-ലെ താരിഫ് പരിഷ്കരണം മൂലം 146 കോടി രൂപയുടെ അധികവരുമാനം ഈ സാമ്പത്തിക വർഷം ലഭ്യമാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ